## ക്രമപ്രശ്നം

### നയരൂപീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പുറംലോകം അറിയുന്നത് സംബന്ധിച്ച്

ശ്രീ. എ. കെ. ബാലൻ: 418 ബാർ ലൈസൻസുകൾ പുതുക്കുന്നതുമായി ബന്ധപ്പെട്ട് മന്ത്രിസഭാ രേഖകൾ പുറത്തുപോയതിനെ സംബന്ധിച്ചാണ് എന്റെ ക്രമപ്രശ്നം. ഞാൻ നേരത്തേ എഴുതി തന്നിരുന്നു. മാർച്ച് 16-ാം തീയതിയാണ് എക്സൈസ് വകുപ്പ് എ.ജി യോട് നിയമോപദേശം ചോദിച്ചത്. എ.ജി. മാർച്ച് 17-ന് വകുപ്പിന് നിയമോപദേശം കൊടുത്തു. അതിനുശേഷം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ ഫയൽ കണ്ട് മാർച്ച് 19-ന് വീണ്ടും നിയമോപദേശം ചോദിച്ചു. അതിനെത്തുടർന്ന് മാർച്ച് 20-ാം തീയതി എ.ജി. വീണ്ടും നിയമോപദേശം കൊടുത്തു. മാർച്ച് 17-ലേയും മാർച്ച് 19-ലേയും നിയമോപദേശങ്ങൾ രണ്ടും രണ്ടായിരിക്കുമോ? ഇത് കാബിനറ്റിൽ വയ്ക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നോട്ടിട്ടു. ആ നോട്ടും അനുബന്ധ രേഖകളും അങ്ങനെത്തന്നെ പുറത്തുപോയി. ഇപ്പോൾ അത് ഏത് പെട്ടിക്കടയിലും കിട്ടും. ഇതുമായി ബന്ധപ്പെട്ട് ഞാൻ എഴുതിത്തന്ന കാര്യം സംസ്ഥാന മന്ത്രിസഭയുടെ പ്രധാന ചുമതലകളിൽപ്പെട്ട ഒന്നാണ് നയരൂപീകരണം.

ശ്രീ. വി.ഡി. സതീശൻ: ഈ സഭയുമായി യാതൊരു ബന്ധവുമില്ലാത്ത കാര്യമാണ് അങ്ങ് ഇവിടെ പറയുന്നത്.

ശ്രീ. എ. കെ. ബാലൻ: ഞാൻ നിങ്ങൾക്കനുകൂലമായിട്ടാണ് സംസാരിച്ചത്. .......(ബഹളം)..........

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട വി.ഡി. സതീശൻ, മുഖ്യമന്ത്രി മറുപടി പറയട്ടെ, മുഖ്യമന്ത്രി അതിന് മറുപടി പറയും.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ ഈ ക്രമപ്രശ്നം എഴുതിത്തന്നതാണ്. ശ്രീ. വി.ഡി. സതീശന്റെ ക്രമപ്രശ്നവുമായി ഇതിന് യാതൊരു തരത്തിലുള്ള ബന്ധവുമില്ല ......(ബഹളം)....... എന്റെ ക്രമപ്രശ്നം ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചതാണ്. നിങ്ങളുടെ ക്രമപ്രശ്നം സ്പീക്കർ അനുവദിച്ചിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട വി.ഡി. സതീശൻ.....

ശ്രീ. എ. കെ. ബാലൻ: സർ, ഞാനൊന്നും ആലോചിക്കാതെയല്ല പറയുന്നത്. എന്റെ ക്രമപ്രശ്നം ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചു. നിങ്ങളുടെ ക്രമപ്രശ്നം അനുവദിച്ചിട്ടില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: യെസ്..പ്ലീസ്...ചുരുക്കി പറയൂ.

ശ്രീ. എ.കെ. ബാലൻ: സർ, എന്റെ ക്രമപ്രശ്നം സ്പീക്കർ അനുവദിച്ചതാണ്. ശ്രീ.

വി. ഡി. സതീശന്റെ ക്രമപ്രശ്നം സ്പീക്കർ അനുവദിച്ചിട്ടില്ല. അതിന് എന്നെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട എ.കെ. ബാലൻ...ചുരുക്കി പറയണം.... (ബഹളം).....

ശ്രീ. എ. കെ. ബാലൻ: സർ, ശ്രീ. വി. ഡി. സതീശന്റെ ക്രമപ്രശ്നം സ്പീക്കർ അനുവദിച്ചിട്ടില്ല. ഞങ്ങൾ എതിർത്തിട്ടില്ല. ഞങ്ങൾ അതിനെ അല്ല എതിർത്തത്. സ്പീക്കർ ഒരു റൂളിംഗ് തന്നുകഴിഞ്ഞു. അതിനുമുകളിൽ ബഹുമാനപ്പെട്ട വി. ഡി. സതീശൻ പറഞ്ഞതിനെയാണ് ഞങ്ങൾ എതിർത്തത്. അല്ലാതെ ശ്രീ. വി. ഡി. സതീശന്റെ പോയിന്റ് ഓഫ് ഓർഡറിനെ ഞാൻ ഒരിക്കലും എതിർക്കില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട എ.കെ. ബാലൻ...

ശ്രീ. എ. കെ. ബാലൻ: ഞാൻ ശ്രീ. വി.ഡി. സതീശന്റെ ക്രമപ്രശ്നത്തിൽ അല്ല ഇടപെട്ടത്. സ്പീക്കർ ഒരു റൂളിംഗ് കൊടുത്തു. ഞങ്ങൾ ബഹളമുണ്ടാക്കിയത് സ്പീക്കറുടെ റൂളിംഗിനുമുകളിൽ നിങ്ങൾ ഇടപെട്ടുകൊണ്ടാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട എ.കെ. ബാലൻ... ചെയർ പറയട്ടെ. ശ്രീ. വി.ഡി. സതീശൻ...ഞാൻ പറയാം. ബഹുമാനപ്പെട്ട വി. ഡി. സതീശൻ...പ്ലീസ്...ഇരിക്കണം.....ചെയർ പറയാം. ബഹുമാനപ്പെട്ട വി. ഡി.

സതീശൻ...അങ്ങ് ഇരിക്കണം....

ശ്രീ. എ.കെ. ബാലൻ: എന്നെ തടയുന്നതിനെ എനിക്ക് പേടിയില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട എ.കെ. ബാലൻ.....

ശ്രീ. എ.കെ. ബാലൻ: ബഹുമാനപ്പെട്ട ശ്രീ. വി.ഡി.സതീശന്റെ ക്രമപ്രശ്നത്തിൽ അല്ല ഞാൻ ഇടപെട്ടത്. സ്പീക്കർ ഒരു റൂളിംഗ് കൊടുത്തു. ആ റൂളിംഗിന് മുകളിൽ ശ്രീ. വി. ഡി. സതീശൻ പറഞ്ഞതിനെയാണ് ഞാൻ എതിർത്തത്. ഇത് സ്പീക്കർ അനുവദിച്ചതാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട എ.കെ. ബാലൻ.....ഞാൻ പറയട്ടെ. അങ്ങ് ക്രമപ്രശ്നമായി ഉന്നയിക്കുന്നത് ഈ സഭയുമായി ബന്ധമുള്ള ഒരു കാര്യമല്ല എന്നാണ് ശ്രീ. വി.ഡി. സതീശൻ പറഞ്ഞത്. ക്രമപ്രശ്നം ഉന്നയിക്കണമെന്നുണ്ടെങ്കിൽ സഭയുമായി ബന്ധപ്പെട്ട കാര്യമായിരിക്കണം. പോയിന്റ് ഓഫ് ഓർഡർ അല്ല ശ്രീ. വി.ഡി. സതീശൻ ഉന്നയിച്ചത്.

ശ്രീ. എ. കെ. ബാലൻ: സർ, അത് ബഹുമാനപ്പെട്ട വി.ഡി. സതീശനും അറിയാം. ക്രമപ്രശ്നം എന്നുപറയുന്നത് ഭരണഘടനാപരമായ ഏതെങ്കിലും രൂപത്തിലുള്ള കാര്യങ്ങളിൽ ഇന്റർപ്രട്ടേഷൻ വരികയോ അല്ലെങ്കിൽ ചട്ടവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളിൽ ഇന്റർപ്രട്ടേഷൻ വരികയോ ചെയ്യുന്ന കാര്യത്തിൽ

സഭയെ നേരായ വഴിയിലേക്ക് കൊണ്ടുപോകുന്നതിനാണ് ക്രമപ്രശ്നം. അത് ഒരു ബിസിനസ് കഴിഞ്ഞ് മറ്റൊരു ബിസിനസ്സിന്റെ ഇടയിലാണ് നടക്കുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടെ ക്രമപ്രശ്നം ഉന്നയിക്കണം.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ എഴുതിത്തന്നത് കൃത്യമായി നിയമപരമായിട്ടാണ്. സംസ്ഥാന മന്ത്രിസഭയുടെ പ്രധാന ചുമതലകളിൽപ്പെട്ട ഒന്നാണ് നയരൂപീകരണം. നയരൂപീകരണവേളയിൽ മന്ത്രിസഭാംഗങ്ങൾ തമ്മിൽ അഭിപ്രായഭിന്നത ഉണ്ടാകാമെങ്കിലും ഒരു നയത്തിന് അന്തിമരൂപം നൽകിയാൽ അതിനെച്ചൊല്ലിയുള്ള തർക്കം പിന്നീട് പുറംലോകം അറിയാറില്ല. ഇതാണ് മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വത്തിന്റെ അടിസ്ഥാന ഘടകം. ഒരു മന്ത്രിസഭയുടെ കൂട്ടുത്തരവാദിത്വം കാത്തുസൂക്ഷിക്കേണ്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ചുമതലയാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 164 (1) പ്രകാരം മന്ത്രിമാരെ മുഖ്യമന്ത്രിയുടെ ഉപദേശത്തിന്മേലാണ് നിയമിച്ചിരിക്കുന്നത്. ആയതിനാൽത്തന്നെ മന്ത്രിമാരുടെ ഭാഗത്തുനിന്നുണ്ടായ ഭരണഘടനാ ലംഘനത്തെപ്പറ്റി മുഖ്യമന്ത്രി വിശദീകരിക്കണം. ഭരണഘടനയുടെ ആർട്ടിക്കിൾ 164 (2) പ്രകാരം മന്ത്രിസഭ ഈ സഭയോട് കൂട്ടായി ഉത്തരവാദിത്തപ്പെട്ടിരിക്കുകയാണ്. നയരൂപീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ നടന്ന തർക്കങ്ങൾ പുറംലോകം അറിയുന്നത്,

ക്യാബിനറ്റുമായി ബന്ധപ്പെട്ട് അറിയുന്നത് പൂർണ്ണമായും തെറ്റാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ക്യാബിനറ്റിൽ വയ്ക്കാൻ വച്ച അനുബന്ധ രേഖകൾ എങ്ങനെയാണ് പുറത്തുപോയി ഞങ്ങൾക്ക് കിട്ടുന്നത്? എല്ലാ പത്രഓഫീസുകളിലും കിട്ടുകയാണ്. എല്ലാപെട്ടിക്കടകളിലും കിട്ടുകയാണ്. ഇത് ഗവൺമെന്റിനും ഭൂഷണമല്ല. ഞാൻ ഇതിന്റെ മെറിറ്റിലേക്ക് കടക്കുന്നില്ല. അഴിമതിയാരോപണവുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ബഹുമാനപ്പെട്ട മന്ത്രി, അഡ്വക്കേറ്റ് ജനറൽ കോൺഫിഡൻഷ്യലായി കൊടുത്ത ഒരു റിപ്പോർട്ട്, അതിനുമുകളിൽ ഇത് ക്യാബിനറ്റിൽ വയ്ക്കാൻ വേണ്ടി ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറയുക, അതെടുത്ത് പുറംലോകത്തേക്ക് കൊടുക്കുകയാണ്. പെട്ടിക്കടയിലേക്കും പത്രക്കാർക്കും കൊടുക്കുകയാണ്. ഇത് കൂട്ടുത്തരവാദിത്വത്തിന് നിരക്കാത്തതാണ്. ബഹുമാനപ്പെട്ട മന്ത്രിമാർ സത്യപ്രതിജ്ഞ ചെയ്യുന്നുണ്ടല്ലോ; Oath of secrecy-ക്ക് എതിരാണ്. ഇതുമായി ബന്ധപ്പെട്ടുകൊണ്ട് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗാണ് ഞാൻ ആവശ്യപ്പെടുന്നത്.

**നയരൂപീകരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പുറംലോകം അറിയുന്നത് സംബന്ധിച്ച്**

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, മന്ത്രിസഭയിൽ ഒരു ഭിന്നതയുമില്ല. ശ്രീ. എ. കെ. ബാലൻ ക്രമപ്രശ്നം എത്ര ഉന്നയിച്ച് ഈ പ്രശ്നം ഇവിടെ

ഉന്നയിച്ചാലും ഞങ്ങളുടെ ഇടയിൽ ഒരു പ്രശ്നവുമില്ല. ഭിന്നതയുണ്ടാക്കാൻ സാധിക്കുകയുമില്ല. അതുമിതും പറഞ്ഞ് നിങ്ങൾ അതാണല്ലോ നോക്കുന്നത്. പിന്നീട് ഇവിടെ രേഖയുടെ കാര്യം പറഞ്ഞു. മന്ത്രിസഭ തീരുമാനം എടുക്കുന്നതുവരെ...................... മനസ്സിലാക്കാം. എടുത്തുകഴിഞ്ഞാൽ തീരുമാനം പ്രഖ്യാപിക്കും. പിന്നീട് ആ ഫയൽ സെക്ഷനിലേക്ക് പോകും. അവിടുന്നാണ് ജി.ഒ. ഇറക്കുന്നത്. അത് വന്നതിനുശേഷം....അങ്ങ് ഇവിടെ ഉദ്ധരിച്ചുവെന്നുപറയുന്നത് മാർച്ച് 16-ാം തീയതിയിലെ കാര്യമാണ്. എത്ര മാസം കഴിഞ്ഞു. അതീവ രഹസ്യമായുള്ള ഏതെങ്കിലും ഫയലുകൾ ഉണ്ടെങ്കിൽ അതിന്റെ രഹസ്യം കാത്തുസൂക്ഷിക്കും. മന്ത്രിസഭാ ചർച്ചകളും തീരുമാനങ്ങളും രഹസ്യമായിരിക്കണമെന്നുപറയുന്നത് ഒരു നിശ്ചിത സമയത്തെ സംബന്ധിച്ചിടത്തോളമാണ്. അതുകഴിഞ്ഞാൽ ആ ഫയൽ പലരുമാണ് കൈകാര്യം ചെയ്യുന്നത്. എല്ലാക്കാലത്തേക്കും രഹസ്യമായി വച്ചുകൊണ്ടിരിക്കാൻ പറ്റില്ല. റൈറ്റ് റ്റു ഇൻഫർമേഷൻ ഉള്ള കാലഘട്ടമാണ്. ആരെങ്കിലും ചോദിച്ചാൽ അതിന്റെ റിക്കോർഡുകൾ കൊടുക്കേണ്ടിവരും. അതുകൊടുക്കും. അതുകൊണ്ട് അങ്ങ് ഇവിടെ പറഞ്ഞ കാര്യങ്ങൾക്ക് ഒരു പ്രസക്തിയുമില്ല. അങ്ങയുടെ മനസ്സിലിരിക്കുന്ന ആഗ്രഹം നടക്കാൻ പോകുന്നുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇതിനെ സംബന്ധിച്ച് ഇതുപോലെ ഒരു പ്രശ്നം ....യെസ്..യെസ്...

ശ്രീ. വി. ഡി. സതീശൻ: സർ, റൂൾ 303 അനുസരിച്ചാണ് പോയിന്റ് ഓഫ് ഓർഡർ ഉന്നയിക്കുന്നത്. അത് വളരെ വ്യക്തമായി പറയുന്നുണ്ട്. " A point of order shall relate to the interpretation or enforcement of these Rules or such Articles of the Constitution as regulate the business of the Assembly, and shall raise a question which is within the cognizance of the Speaker" . അസംബ്ലിയുടെ ബിസിനസുമായി ബന്ധപ്പെട്ട് ഭരണഘടനാപരമായ എന്തെങ്കിലും ലംഘനം ഉണ്ടായിട്ടുണ്ടെങ്കിലോ, അസംബ്ലിയുടെ റൂൾസ് ഓഫ് പ്രൊസീഡ്യുവറിന്റെ violation ഉണ്ടെങ്കിലോ മാത്രമേ ഇവിടത്തെ ക്രമപ്രശ്നം വരികയുള്ളൂ. ഇത് മന്ത്രിസഭയിലെ കാര്യമാണ്. മന്ത്രിസഭയുടെ റൂൾസ് ഓഫ് ബിസിനസ് വേറെയാണ്. ആ റൂൾസ് ഓഫ് ബിസിനസ്സിന്റെ ഫ്രെയിമിൽ നിന്നുകൊണ്ടാണ് മന്ത്രിസഭ പ്രവർത്തിക്കുന്നത്. റൂൾസ് ഓഫ് പ്രൊസീഡ്യുവറിന്റെയും കോൺസ്റ്റിറ്റ്യൂഷന്റെയും ഫ്രെയിമിൽ നിന്നുകൊണ്ടാണ് അസംബ്ലി പ്രവർത്തിക്കുന്നത്. അപ്പോൾ മന്ത്രിസഭയിൽ ഒരു റൂൾസ് ഉണ്ടെന്നുണ്ടെങ്കിൽ ഇതിനകത്ത് വരില്ല. ഒരുകാരണവശാലും ശ്രീ. എ. കെ. ബാലൻ അവതരിപ്പിച്ച

ക്രമപ്രശ്നം അസംബ്ലി ഫ്ലോറിൽ നിലനിൽക്കുന്നതല്ല എന്നതാണ് എന്റെ പോയിന്റ് ഓഫ് ഓർഡർ. അത് ക്രമവിരുദ്ധമാണ്.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ശ്രീ. വി.ഡി. സതീശൻ പറഞ്ഞകാര്യം ക്രമപ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട് ഇവിടെ നടന്ന ബിസിനസിന്റെ അനുബന്ധമായിട്ടാണ് ഞാൻ സൂചിപ്പിച്ചത്. കഴിഞ്ഞ നാലഞ്ച് ദിവസമായി ഈ കാര്യങ്ങൾ ഇവിടെ ചർച്ച ചെയ്യപ്പെടുകയാണ്. അതിന്റെ ഒരു ഭാഗമായിരുന്നു ക്യാബിനറ്റ് രേഖ ചോർന്നുപോകുന്നുവെന്നുള്ളത്. അതിന്റെ ഭാഗമായിട്ടാണ് ഞാൻ ഇവിടെ ക്രമപ്രശ്നം കൊണ്ടുവന്നത്. ഈ സഭയിൽ വന്നതാണ്. ഈ സഭയിൽ വരാത്ത ഒരു കാര്യമല്ല.

<u>ശ്രീ. വി. ഡി. സതീശൻ</u>: കോൺസ്റ്റിറ്റ്യൂഷണൽ പ്രൊവിഷന്റെ violation ആണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ബഹുമാനപ്പെട്ട എ. കെ. ബാലൻ ഒരു ക്രമപ്രശ്നം ഇവിടെ ഉന്നയിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിന് മറുപടി പറഞ്ഞു. ക്യാബിനറ്റ് രഹസ്യമെന്നുപറയുന്നത് ക്യാബിനറ്റ് കഴിയുന്നതുവരെ മാത്രമേ ഉള്ളൂ. അതുകഴിഞ്ഞാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ അത് സെക്ഷനിലേക്ക് പോകയാണ്. എന്നാൽ മാത്രമേ അതിനെ സംബന്ധിച്ച് ഓർഡർ

ആകുകയുള്ളൂ. അങ്ങ് ഉന്നയിച്ച പ്രശ്നം എന്നുപറയുന്നത് വളരെ മുമ്പുള്ള ക്യാബിനറ്റ് തീരുമാനത്തെ തുടർന്നുള്ള നടപടികളാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ശ്രീ. എ.കെ. ബാലൻ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.